LIBRARY ARCHIVES Kerala Legislative Assembly

പെരുവണ്ണാൻ സമുദായക്കാരെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടി

96(2347) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വണ്ണാൻ, മണ്ണാൻ, പെരുമണ്ണാൻ സമുദായങ്ങളെ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) മലബാർ ഭാഗത്തെ പെരുവണ്ണാൻ ജാതിക്കാരെ ഒ.ഇ.സി. വിഭാഗത്തിലാണ് ഉൾപ്പെടുത്തിയതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വണ്ണാൻ, മണ്ണാൻ, പെരുമണ്ണാൻ വിഭാഗങ്ങളിലുള്ളവരുടെ പൂർവ്വികർ ചെയ്തിരുന്ന ജോലിതന്നെയാണ് പെരുവണ്ണാൻ സമുദായക്കാരുടെ പൂർവ്വികരും ചെയ്തിരുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പെരുവണ്ണാൻ സമുദായക്കാരെ കൂടി പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&സി) ഉണ്ട്.

(ഡി) പെരുവണ്ണാൻ സമുദായത്തെ സംസ്ഥാനത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിനോട് ശിപാർശ ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച് ഭരണഘടനാ ഭേദഗതി പാർലമെന്റിൽ അവതരിപ്പിച്ച് കേന്ദ്ര സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചെങ്കിൽ മാത്രമേ പെരുവണ്ണാൻ സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുകയുള്ളൂ.

പട്ടികവിഭാഗക്കാരുടെ സഹകരണബാങ്കുകളിൽ നിന്നുള്ള വായ്പയും പലിശയും എഴുതിതള്ളാൻ നടപടി

96(2348) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവിഭാഗക്കാർ സഹകരണ ബാങ്കുകളിൽ നിന്നും എടുത്ത 25,000 രൂപവരെയുള്ള വായ്പയും പലിശയും എഴുതി തള്ളാൻ സർക്കാർ എടുത്തിരുന്ന തീരുമാന പ്രകാരം സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ നിന്നും സർക്കാർ ലിസ്റ്റ് ശേഖരിച്ചിരുന്നുവെങ്കിലും നാളിതുവരെ ഈ കാര്യത്തിൽ തുടർ നടപടി സ്വീകരിക്കാത്തതെന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;